മാഞ്ഞാലിപ്പുഴയും ആൽമരവും

■ പുത്തൻവേലിക്കര സുകുമാരൻ

പണ്ട് മാഞ്ഞാലിപ്പുഴയുടെ തീരത്ത് അഹങ്കാരിയായ ഒരു ആൽമരമുണ്ടായിരുന്നു. വേനൽക്കാലത്ത് ഒരു ദിവസം കുറെ കന്നുകാലികൾ പുഴയിൽ നിന്ന് മതിയാവോളം വെള്ളം കുടിച്ചതിനു ശേഷം ആൽമരത്തണലിൽ വിശ്രമിക്കാനെത്തി.

''ആരും എന്റെ ചുവട്ടിൽ കിടന്ന് വിശ്രമിക്കേണ്ട, വേഗം പൊയ്ക്കോളൂ.''-ആൽമരം ദേഷ്യത്തോടെ അലറി.

പാവം കന്നുകാലികൾ! പ്രാണഭയത്തോടെ അവരോടി പുഴക്കരയിലെത്തി വിവരങ്ങളെല്ലാം പുഴയെ പറഞ്ഞു കേൾപ്പിച്ചു.

''എന്തിനാ വിശ്രമിക്കാൻ വന്ന പാവം കന്നുകാലികളെ വിരട്ടിയോടിച്ചത്?'' പുഴ സൗമ്യഭാവത്തിൽ ആൽമരത്തോട് ചോദിച്ചു.

''എനിക്ക് മനസ്സുണ്ടായിട്ട്, നീയാരാ എന്നോട് ചോദിക്കാൻ?! എനിക്ക് ആരുടെയും സഹായം ആവശ്യമില്ല; ഞാൻ ആരെയും സഹായിക്കാൻ തയ്യാറുമല്ല.'' ആൽമരം നിറഞ്ഞ അഹങ്കാരത്തോടെ പറഞ്ഞു.

'ധിക്കാരിയായ ഇവനെ ഒരു പാഠം പഠിപ്പിച്ചേ മതിയാകൂ.' പുഴ തീരുമാനിച്ചു.

അടുത്ത ദിവസം മുതൽ പുഴ ഗതിമാറിയൊഴുകാൻ തുടങ്ങി. കുറേനാൾ കഴിഞ്ഞപ്പോൾ കുടിനീർ കിട്ടാതെ ആൽമരം ക്ഷീണിച്ച് അവശനിലയിലായി. ഒടുവിൽ ദാഹിച്ച് തളർന്ന ആൽമരം ഒരിറ്റു കുടിനീരിനായി പുഴയോട് യാചിച്ചു.

''നീയല്ലേ ആരെയും ആശ്രയിക്കില്ലെന്ന് വീമ്പിളക്കിയത്? ഇപ്പോൾ മനസ്സിലായില്ലേ ആർക്കും ആരുടെയും ആശ്രയം കൂടാതെ ജീവിക്കാനാവില്ലെന്ന്?'' പുഴ ചോദിച്ചു.

ഇതു കേട്ടപ്പോൾ ആൽമരം നാണിച്ച് ചൂളിപ്പോയി.

ഇനി മുതൽ ഞാൻ ആരെയും ആട്ടിയോടിക്കില്ല. ഒരബദ്ധം പറ്റിപ്പോയി. ദയവായി താങ്കൾ എന്റെ അവിവേകം ക്ഷമിക്കണം.''

ആൽമരം ഒരുപാഠം പഠിച്ചെന്ന ഭാവം പോലും കാട്ടാതെ പുഴ പഴയ വഴിയിലൂടെ തന്നെ ശാന്തമായൊഴുകി.

പ്രധാനമന്ത്രിയായ ശേഷം പ്രതിപക്ഷനേതാവായ ആദ്യ വ്യക്തി– രാജീവ് ഗാന്ധി